**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ മണ്ണംകുഴി സ്റ്റേഡിയം കാലതാമസം കൂടാതെ നിർമ്മാണം നടത്തുന്നതിന് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തി - പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.3422/2016/തസ്വഭവ.　　　　തീയതി, തിരുവനന്തപുരം, 16.12.2016**

---

പരാമർശം : 1) സഉ(അച്ചടി) 332/2012/ധന തീയതി. 11/06/2012.
2) സ.ഉ (സാധാ) നം. 257/2016/തസ്വഭവ, തീയതി 23.01.2016.
3) ശ്രീ. പി.ബി.അബ്ദുൾ റസാക്ക്, എം.എൽ.എ യുടെ 12.08.2016 ലെ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ. പി.ബി. അബ്ദുൾ റസാക്കിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 150 ലക്ഷം രൂപ (രൂപ നൂറ്റി അൻപത് ലക്ഷം മാത്രം) ചെലവഴിച്ച് കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ മണ്ണംകുഴി സ്റ്റേഡിയം നിർമ്മിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത സ്റ്റേഡിയം കാലതാമസം കൂടാതെ നിർമ്മാണം നടത്തുന്നതിന് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ശ്രീ. പി.ബി. അബ്ദുൾ റസാക്ക്, എം.എൽ.എ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ എം.എൽ.എ ശ്രീ. പി.ബി. അബ്ദുൾ റസാക്കിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 150 ലക്ഷം രൂപ (രൂപ നൂറ്റി അൻപത്

(മറുപുറം...)

ലക്ഷം മാത്രം) ചെലവഴിച്ച് കാസറഗോഡ് ജില്ലയിലെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിലെ മണ്ണംകുഴി സ്റ്റേഡിയം കാലതാമസം കൂടാതെ നിർമ്മിക്കുന്നതിന് സർക്കാരിന്റെ അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തി പരാമർശം (2) ലെ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ് സി സ്റ്റീഫൻ**

**ഗവ. ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. പി.ബി. അബ്ദുൾ റസാക്ക്, എം.എൽ.എ ,മഞ്ചേശ്വരം നിയോജകമണ്ഡലം.
(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, പി.റ്റി.പി നഗർ, തിരുവനന്തപുരം, 695038
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കാസറഗോഡ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി,മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്, കാസറഗോഡ്
ധനകാര്യ വകുപ്പ് (എൻ.സി.സി1/241/2015/ധന, തീയതി 02.11.2016)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ